# പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം –4577** — **26.06.2014-** ൽ മറുപടിക്ക്

## ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലുൾപ്പെട്ട പൊതുമരാമത്ത് റോഡുകൾ

| ചോദ്യം<br>**ശ്രീമതി. കെ.എസ്. സലീഖ** | | മറുപടി<br>**ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്**<br>**(പൊതുമരാമത്ത് വകുപ്പുമന്ത്രി)** |
|---|---|---|
| (എ) ഷൊർണ്ണൂർ നിയോജക മണ്ഡലത്തിലുൾപ്പെട്ട പൊതുമരാമത്ത് റോഡുകൾ ശോചനീയാവസ്ഥയിലാണ് എന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ഇതു പരിഹരിക്കുവാൻ എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ശോചനീയാവസ്ഥ യിലായ റോഡുകൾ ബി.എം & ബി.സി ചെയ്യുവാനുള്ള നടപടികൾ ചെയ്തു വരുന്നു |
| (ബി) വാണിയംകുളം - കയിലിയാട് റോഡ്, കോതക്കുറിശ്ശി - വാണിയംകുളം റോഡ്, ചെർപ്പുളശ്ശേരി - ഒറ്റപ്പാലം റോഡ്, ചെർപ്പുളശ്ശേരി - പട്ടാമ്പി റോഡ് തുടങ്ങിയ റോഡുകളെ വീതികൂട്ടി റബ്ബറൈസ് ചെയ്യാൻ എന്തു നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ; | (ബി) | പരാമർശിത റോഡുകൾ വീതികൂട്ടി റബ്ബറൈസ് ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ആയത് പരിശോധിച്ച് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (സി) സ്റ്റേറ്റ് ഹൈവേ ആയി അംഗീകരിക്കപ്പെട്ടിട്ടുള്ള പാലക്കാട് - പെരിന്തൽമണ്ണ റോഡ് നാളിതുവരെ വീതികൂട്ടി റബ്ബറൈസ് ചെയ്തിട്ടില്ലയെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ വീതികൂട്ടി റബ്ബറൈസ് ചെയ്യുവാൻ എന്തു നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ? | (സി) | ഉണ്ട്. പാലക്കാട് - പെരിന്തൽമണ്ണ സ്റ്റേറ്റ് ഹൈവേ വീതികൂട്ടി റബ്ബറൈസ് ചെയ്യുവാനുള്ള പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. എസ്റ്റിമേറ്റ് പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ